"ഭരണ ഭാഷ മാതൃഭാഷ"

No :ICDS/TNR/35/2024


ഐ.സി.ഡി.എസ്പ്രൊജക്ട്
ഓഫീസ് താനൂർ
ബ്ലോക്ക് കാര്യാലയം താനൂർ
താനൂർപി.ഒ, മലപ്പുറം ജില്ല 676302
തിയ്യതി:23/01/2024
Email : cdpotanur@gmail.com
ഫോൺ 0494 2442981


## ദർഘാസ് പരസ്യം

വനിതാ ശിശു വികസന വകുപ്പ് – മലപ്പുറം ജില്ലയിലെ താനൂർ പ്രോജക്ടിന് കീഴിലെ 130 അങ്കണവാടികളിലേക്ക് അങ്കണവാടി പ്രീ സ്കൂൾ കിറ്റ് വിതരണം ചെയ്യുന്നതിന് താൽപര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള മുദ്ര വെച്ച ദർഘാസുകൾ ക്ഷണിക്കുന്നു. സാധനങ്ങൾ എല്ലാ അങ്കണവാടികളിലും എത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചിലവുകൾ, കയറ്റിറക്കു കൂലി എന്നിവയടക്കം എല്ലാ വിധ നികുതികളും ഉൾപ്പെടെയുള്ള തുകയാണ് ദർഘാസിൽ കാണിക്കേണ്ടത്. ദർഘാസ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

അടങ്കൽ തുക :3,90,000/
ദർഘാസ് ഫോറം വില : 800+18 % GST
ദർഘാസ് ഫോറം വിൽക്കുന്ന അവസാന തിയതിയും സമയവും : **09/02/2024 12: Noon**
ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തിയതിയും സമയവും : **09/02/2024 1: PM**
ദർഘാസ് തുറന്ന് പരിശോധിക്കുന്ന അവസാന തിയതിയും സമയവും : **09/02/2024 2: PM**

ദർഘാസിൽ പങ്കെടുക്കുന്നവർ അടങ്കൽ തുകയുടെ 1% നിരതദ്രവ്യമായി താനൂർ ശിശു വികസന പദ്ധതി ആഫീസറുടെ പേരിൽ മാറാവുന്ന ഡി.ഡി രൂപത്തിൽ ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതും 200 രൂപ മുദ്ര പത്രത്തിൽ പ്രാഥമിക എഗ്രിമെന്റ് വെക്കേണ്ടതുമാണ്. ദർഘാസ് ഉൾപ്പെടുന്ന മുദ്രവെച്ച കവറിനു പുറത്ത് "അങ്കണവാടി പ്രീ സ്കൂൾ കിറ്റ് ദർഘാസ് 2023–2024" എന്ന് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ദർഘാസിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾക്ക് GST രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്. ദർഘാസിൽ പങ്കെടുക്കുന്നവർ ബ്ലോക്ക് തലത്തിലുള്ള ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സാമ്പിളുകൾ ഹാജരാക്കേണ്ടതാണ്. ദർഘാസ് നടപടിക്രമങ്ങൾ സംബന്ധിച്ച് സ്റ്റോർസ് പർച്ചേഴ്സ് മാനുവലിലെ നിലവിലുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്. ദർഘാസ് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ എല്ലാ പ്രവർത്തി ദിവസങ്ങളിലും താനൂർ ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ പ്രവർത്തിക്കുന്ന താനൂർ ശിശു വികസന പദ്ധതി ഓഫീസിൽ നിന്ന് ലഭ്യമാണ്. ഫോൺ : 04942442981

സംയോജിത ശിശു വികസന സേവന പദ്ധതി ഓഫീസർ, താനൂർ – 676302 (seal: തിയ്യതി........ മലപ്പുറം ജില്ല)

23/01/24

സംയോജിത ശിശു വികസന
സേവന പദ്ധതി ഓഫീസർ
താനൂർ – 676 302